LIBRARY ARCHIVES Kerala Legislative Assembly

മൂവാറ്റുപുഴ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രിയുടെ ഗ്രേഡിലുയർത്താൻ നടപടി

137 [3530] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ താലൂക്ക് ആശുപത്രി ഒരു ജില്ലാ ആശുപത്രിയുടെ ഗ്രേഡിലേക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്നത്തേക്ക് നടപടി ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇക്കാര്യം പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണാർക്കാട് താലൂക്കിലെ കോട്ടോപ്പാടം പ്രൈമറി ഹെൽത്ത് സെന്റർ

138 [3531] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്കിലെ കോട്ടോപ്പാടം പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര പേരെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുണ്ട് എന്നു വ്യക്തമാക്കുമോ;

(സി) രോഗികളെ ഇവിടെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ എന്നത്തേക്ക് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഗ്രാമപഞ്ചായത്ത് 12 കിടക്കൾക്ക് സൗകര്യമുള്ള വാർഡ് പണിതിട്ടുണ്ട്. എന്നാൽ ഇവിടെ കിടക്കകൾ അനുവദിക്കപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) അവശ്യം വേണ്ട ജീവനക്കാരും മറ്റു ഭൗതിക സൗകര്യങ്ങളും ലഭ്യമ ല്ലാത്തതിനാലാണ് കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയാത്തത്.

(ഇ) കിടത്തി ചികിത്സിക്കുവാൻ അവശ്യം വേണ്ട ഭൗതിക സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പാക്കിയശേഷം മാത്രമേ ഇവിടേക്കാവശ്യമായ കിടക്കകളും തസ്തികകളും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ലഭ്യമാക്കി കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയുകയുള്ളൂ.

മലപ്പുറം ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം

139 [3532] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, കെ. എൻ. എ. ഖാദർ
,, പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാ പഞ്ചായത്ത് നിർമ്മിക്കുന്ന ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണ ജോലികൾ എന്നത്തേക്ക് പൂർത്തിയാകും;

(സി) ഇതിനുവേണ്ടി വകയിരുത്തിയ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 3000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ 1650 ചുതുരശ്ര മീറ്റർ വരുന്ന രണ്ട് നിലകളും 950 ചതുരശ്ര മീറ്റർ വരുന്ന രണ്ടും മൂന്നും നിലകളുടെയും, കോൺക്രീറ്റ് തൂണുകളുടെയും സ്ലാബിന്റെയും പണി കഴിഞ്ഞു. 400 ചതുരശ്ര മീറ്ററിന്റെ 5-ാം നിലയുടെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഫെബ്രുവരി 2005-ൽ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിത ഫണ്ടിൽ നിന്നും 272.5 ലക്ഷം രൂപയും, എം. പി. ഫണ്ടിൽ നിന്നും 85 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. നാളിതുവരെ 238.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly